# G.V.G.H.S.S CHITTUR
# ACADEMIC MASTER PLAN 2024-25

## ചരിത്രം

1930 – ൽ സ്ഥാപിതമായ ഈ വിദ്യാലയം തുടക്കം മുതൽ തന്നെ മികച്ച നിലവാരം പുലർത്തിവരുന്നു .മലയാളം ,ഇംഗ്ലീഷ് , തമിഴ് മാധ്യമങ്ങളിലായി 52 ഡിവിഷനുകൾ നിലവിലുണ്ട്. തുടക്കത്തിൽ ഇംഗ്ലീഷ് മാധ്യമം മാത്രമായിരുന്നു ഉണ്ടായിരുന്നത് .സ്വാതന്ത്ര്യം നേടിയതിനു ശേഷം മറ്റു മാധ്യമങ്ങളും നിലവിൽ വന്നു. പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ കാര്യത്തിൽ ഏറെ പിന്നിൽ നിൽക്കുന്ന ചിറ്റൂർ താലൂക്കിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ഈ വിദ്യാലയം നൽകുന്ന സേവനം ഏറെ വിലപ്പെട്ടതാണ്. ചിറ്റൂർ തത്തമംഗലം നഗരസഭയുടെ പരിധിയിൽ ഉൾപ്പെടുന്ന ഈ വിദ്യാലയത്തിൽ ഇപ്പോൾ 5 മുതൽ 12 വരെ ക്ലാസുകളിലായി 2800 വിദ്യാർത്ഥികളാണുള്ളത് .

## നാഴികക്കല്ലുകൾ

സംസ്ഥാന കലോത്സവത്തിന് ആദ്യം വേദിയായത് ഗവൺമെന്റ് വിക്ടോറിയ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളാണ് . പ്രശസ്ത ഗായിക ശ്രീമതി.  പി. ലീല ഈ സ്ഥാപനത്തിലെ പൂർവ്വ വിദ്യർത്ഥിനിയാണ് .പ്രശസ്ത സാഹിത്യകാരൻ ശ്രീ. മുണ്ടൂർ കൃഷ്ണൻകുട്ടി ഈ വിദ്യാലയത്തിലെ അധ്യാപകനായിരുന്നു.കൂടാതെ ദേശീയതലത്തിൽ മെഡൽ ജേതാവായ രുഗ്മ ഉദയൻ ഈ സ്ഥാപനത്തിലെ പൂർവ്വ വിദ്യർത്ഥിനിയാണ്. നിലവിൽ പുണ്യ .എസ്  ഈ സ്ഥാപനത്തിലെ ദേശീയ മെഡൽ ജേതാവാണ് . സംസ്ഥാന ,ദേശീയ അവാർഡുകൾ ഈ വിദ്യാലയത്തിലെ അദ്ധ്യാപകരെ തേടിയെത്തിയിട്ടുണ്ട് .വിവിധ മേഖലകളിൽ മികച്ച വിജയം നേടിയ ഇവിടുത്തെ കുട്ടികൾ ലോകത്തിലെ പല ഭാഗത്തും ശ്രദ്ധേയമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു .

## പരിമിതികൾ

തുടക്കം മുതൽ തന്നെ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനം ഇന്നും ആ പാരമ്പര്യം നിലനിർത്തുന്നു. ആധുനിക ശാസ്ത്ര - സാങ്കേതികവിദ്യയുടെ വളർത്തിക്കനുസരിച്ച് വിദ്യാഭ്യാസ മേഖലയിലും ഏറെ മാറ്റങ്ങൾ വന്നു കഴിഞ്ഞു. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേരളത്തിലെ പൊതു വിദ്യാഭ്യാസ സംവിധാനം ലോകത്തിനുതന്നെ മാതൃകയാണ് .

കൂടുതൽ മികച്ച പ്രവർത്തനങ്ങൾക്കായി ജനപ്രതിനിധികൾ ,പി.ടി.എ ,അധ്യാപകർ ,പൂർവ്വ വിദ്യാർത്ഥികൾ ,പൂർവാ അധ്യാപകർ ,നാട്ടുകാർ,സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ വിവിധ പരിപാടികൾ നടന്നുവരുന്നു. ഈ നേട്ടങ്ങൾക്കിടയിലും ഏറെ പരിമിതികൾ നിലനിൽക്കുന്നു. ക്ലാസ് മുറികളുടെ കുറവാണ് പ്രധാന പരിമിതി .ഓരോ വർഷവും പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവാണുള്ളത്. ലാബ് ,ലൈബ്രറി കമ്പ്യൂട്ടർ എന്നിവയുടെ കാര്യത്തിലും ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നു. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ ലാബ് സൗകര്യങ്ങൾ ഒരുക്കാനായിട്ടില്ല .100 കംപ്യൂട്ടറാണ് നിലവിലുള്ളത് .അതിൽ പ്രവർത്തനക്ഷമമല്ലാത്ത ഒട്ടനവധി എണ്ണം ഉണ്ട് . വായനാമുറി നിലവിലില്ല. ഭാഷാ ലാബുകൾ ,സാമൂഹ്യശാസ്ത്ര -ഗണിതശാസ്ത്ര ലാബുകൾ നിലവിലില്ല. കലാപഠനത്തിനായി പ്രത്യേക സൗകര്യമില്ല . എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് ആകേണ്ടതുണ്ട്. നിലവിൽ 28 സ്മാർട്ട് ക്ലസ്സുകൾ മാത്രമാണുള്ളത് . പെൺകുട്ടികൾ മാത്രം പഠിക്കുന്ന ഈ വിദ്യാലയത്തിൽ മൂത്രപ്പുരകളുടെ എണ്ണം പരിമിതമാണ് .കൂടാതെ മഴവെള്ള സംഭരണം ,കിണർ റീചാർജിങ് ,മാലിന്യ സംസ്കരണം തുടങ്ങിയവയും അഅടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്. ചുരുങ്ങിയത് 15 ക്ലാസ് മുറികൾ എങ്കിലും അത്യാവശ്യമായി അനുവദിച്ചെങ്കിൽ മാത്രമേ പഠനം കാര്യക്ഷമമാക്കാൻ കഴിയുകയുള്ളൂ.

ഓരോ വർഷവും നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നുവെങ്കിലും അതിന് ആനുപാതികമായ ക്ലാസ് മുറികൾ ഇല്ലാത്ത അവസ്ഥയാണ് ഉള്ളത് .അതിനൊപ്പം കുട്ടികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും മതിയാവുന്നില്ല .ഇത് വിദ്യാലയത്തിന്റെ അക്കാദമിക നിലവാരത്തെ പിന്നോട്ട് വലിക്കുന്നു .ചില ക്ലാസ് മുറികൾ സ്മാർട്ട് ആക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി വച്ചിട്ടുണ്ടെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല .ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന നമ്മുടെ വിദ്യാലയത്തിൽ സ്മാർട്ട് ക്ലാസുകളുടെ എണ്ണം 28 എണ്ണം മാത്രമാണ് .അതുപോലെ കമ്പ്യൂട്ടർ ലാബുകൾ ,ലൈബ്രറികൾ സയൻസ് ലാബുകൾ  എന്നിവ കുട്ടികളുടെ ആവശ്യങ്ങൾക്കനുസൃതമായി ഒട്ടും തന്നെയില്ല . എല്ലാം ഒന്നിൽ ഒതുങ്ങുന്ന വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഇവ പര്യാപ്തമല്ല.

സബ്ജക്ട് കൗൺസിൽ .എസ്.ആർ.ജി യോഗങ്ങൾ യഥാസമയങ്ങളിൽ കൂടുകയും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ഇവയുടെ വിനിമയത്തിലെ ന്യൂനതകൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.

ക്ലാസ് പി.ടി.എ യോഗങ്ങൾ യഥാസമയം കൂടുന്നുണ്ടെങ്കിലും രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ കഴിയാതെ വരുന്നു. കൂടാതെ അധ്യാപകർക്ക് കുട്ടികളുടെ കാര്യത്തിൽ അവരുമായി വിനിമയം ചെയ്യാൻ കഴിയാതെയും  വരുന്നു.

ഓരോ വർഷവും നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നുവെങ്കിലും അതിന് ആനുപാതികമായ ക്ലാസ് മുറികൾ ഇല്ലാത്ത അവസ്ഥയാണ് ഉള്ളത് .അതിനൊപ്പം കുട്ടികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങളും മതിയാവുന്നില്ല .ഇത് വിദ്യാലയത്തിന്റെ അക്കാദമിക നിലവാരത്തെ പിന്നോട്ട് വലിക്കുന്നു .ചില ക്ലാസ് മുറികൾ സ്മാർട്ട് ആക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങി വച്ചിട്ടുണ്ടെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല .ധാരാളം വിദ്യാർത്ഥികൾ പഠിക്കുന്ന

നമ്മുടെ വിദ്യാലയത്തിൽ സ്മാർട്ട് ക്ലാസുകളുടെ എണ്ണം 28 എണ്ണം മാത്രമാണ് .അതുപോലെ കമ്പ്യൂട്ടർ ലാബുകൾ ,ലൈബ്രറികൾ സയൻസ് ലാബുകൾ  എന്നിവ കുട്ടികളുടെ ആവശ്യങ്ങൾക്കനുസൃതമായി ഒട്ടും തന്നെയില്ല . എല്ലാം ഒന്നിൽ ഒതുങ്ങുന്ന വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഇവ പര്യാപ്തമല്ല.

സബ്ജക്ട് കൗൺസിൽ .എസ്.ആർ.ജി യോഗങ്ങൾ യഥാസമയങ്ങളിൽ കൂടുകയും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ഇവയുടെ വിനിമയത്തിലെ ന്യൂനതകൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു.
ക്ലാസ് പി.ടി.എ യോഗങ്ങൾ യഥാസമയം കൂടുന്നുണ്ടെങ്കിലും രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ കഴിയാതെ വരുന്നു. കൂടാതെ അധ്യാപകർക്ക് കുട്ടികളുടെ കാര്യത്തിൽ അവരുമായി വിനിമയം ചെയ്യാൻ കഴിയാതെയും  വരുന്നു.

**നിലവിലെ അവസ്ഥാവിശകലനം**

പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ഗവൺമെന്റ് വിക്ടോറിയ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ ചിറ്റൂർ .തമിഴ് നാടിനോട് ചേർന്ന് കിടക്കുന്ന വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള കുട്ടികളാണ് ഭൂരിഭാഗവും .പ്രാദേശികവും, സാമൂഹികവും, സാമ്പത്തികവുമായ പിന്നോക്കാവസ്ഥ അക്കാദമിക രംഗത്തെ പുരോഗമതിക്ക് തടസ്സം നിൽക്കുന്നു.

പഠിതാവിന്റെ കുടുംബ പശ്ചാത്തലം, കുടുംബങ്ങളിലെ അനൈക്യം, അനാരോഗ്യപരമായ ചുറ്റുപാടുകൾ, ഭാഷാ വിനിമയ അപാകതകൾ, കുട്ടികളിലെ ആരോഗ്യപ്രശ്നങ്ങൾ ,രക്ഷിതാക്കളുടെ നിരക്ഷരത ,തെറ്റായ ജീവിതശൈലികൾ , സുരക്ഷിതത്വമില്ലായ്മ ,ചൂഷണസാധ്യതകൾ എന്നിവ പഠനനിലവാരത്തെ  ബാധിക്കുന്നു.

സ്കൂൾ കോ-ഓപ്പറേറ്റീവ് സ്റ്റോർ ,ഗൈഡ്സ് യൂണിറ്റ് , ഉച്ചഭക്ഷണ പദ്ധതി ,കൗൺസിലിംഗ് ,എന്നിവയുടെ ചുമതല വിവിധ അധ്യാപകർ വഹിക്കുന്നു.

## വിവിധ ക്ലബ്ബുകളും യൂണിറ്റുകളും

1. എസ്.പി സി.
2. ജെ.ആർ. സി .
3. ലിറ്റിൽ കൈറ്റ്സ് .
4. എസ്.എസ്.എസ്.എസ്.
5. ഗൈഡ്സ്.
6. എ.ടി.എൽ ലാബ് .
7. ഇംഗ്ലീഷ് ക്ലബ്ബ് .
8. ഹിന്ദി ക്ലബ്ബ് .
9. സയൻസ് .
10. സോഷ്യൽ സയൻസ് ക്ലബ്ബ് .
11. ഗണിത ക്ലബ്ബ് .
12. വിദ്യാരംഗം .
13. ജൈവവൈവിധ്യ ക്ലബ്ബ് .
14. സീഡ് ക്ലബ്ബ്.
15. എക്കോ ക്ലബ്ബ് .
16. ഹരിത സേന .
17. ട്രാഫിക് ക്ലബ്ബ് .
18. ടീൻസ് ക്ലബ്ബ് .
19. ലഹരി വിരുദ്ധ ക്ലബ്ബ് .
20. വിമുക്തി ക്ലബ്ബ് .
21. യോദ്ധാവ് .

പാഠ്യ -പഠ്യേതര വിഷയങ്ങളിലും സ്കൂളിന് അകത്തും പുറത്തുമുള്ള സാമൂഹിക പ്രവർത്തനങ്ങളിലും ഈ ക്ലബ്ബുകളും യൂണിറ്റുകളും ഇടപെട്ട് പ്രശംസനീയമായ പങ്കുവഹിച്ചിട്ടുണ്ട് .

**2024 – 25 ലെ വിവിധ അക്കാദമിക് പ്രവർത്തനങ്ങളുടെ ആസൂത്രണവും, നടത്തിപ്പും ,വിലയിരുത്തലും.**

1. പ്രവേശനോത്സവം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

2.വിവിധ ക്ലബ്ബുകളുടെ രൂപീകരണം, ക്ലബ്ബ് പ്രവർത്തനങ്ങളുടെ ആസൂത്രണം .

3. ദിനാചരണങ്ങളുടെ ആസൂത്രണം ,പ്രവർത്തനങ്ങളുടെ രൂപീകരണം.

4. അക്കാദമിക പ്രവർത്തനങ്ങളുടെ ആസൂത്രണം-ചർച്ച അവതരണം.

5. ടേം വിലയിരുത്തിയതിനു ശേഷം ക്ലാസ് പി.ടി.എ സംഘടിപ്പിക്കൽ - മികവുകൾ ,പോരായ്മകൾ ചർച്ച - മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം -നടത്തിപ്പ്

6. അക്കാദമിക പ്രവർത്തനങ്ങളുടെയും ,ഉൽപ്പന്നങ്ങളുടെയും പി.ടി.എ ഉൾപ്പെടുത്തികൊണ്ടുള്ള വിലയിരുത്തൽ - ചർച്ച - പോരായ്മകൾ കണ്ടെത്തി അടുത്ത അധ്യായന വർഷം അവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം .

7. രക്ഷിതാക്കളെ സാക്ഷരരാക്കുന്നതിനും , ബോധവൽക്കരണത്തിനും അധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ച് " പഠനവീട് "തുടങ്ങിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു.

8. സമൂഹത്തിലെ അശരണർക്കും വയോധികർക്കും സഹായകരമായ രീതിയിൽ പ്രവർത്തിക്കാനുള്ള സംരംഭങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

# അടിസ്ഥാന ഭാഷാശേഷി വികസനം

അധ്യായന വർഷം പൂർത്തിയാവുന്നതോടെ അഞ്ചാം ക്ലാസിൽ പ്രവേശനം നേടിയ എല്ലാ കുട്ടികൾക്കും മാതൃഭാഷ ,ഇംഗ്ലീഷ് ,ഹിന്ദി എന്നിവ തടസ്സം കൂടാതെ വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് നേടികൊടുക്കുക .

**ഉപാധികൾ താഴെ: :-**

1. അക്ഷരക്കാർഡുകൾ ,ചിഹ്നക്കാർഡുകൾ എന്നിവ ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും രൂപീകരിക്കുന്നു, എഴുതുന്നു .

2. വായനാ കാർഡുകൾ

3. ചിത്രകഥാ ചാർട്ട്

4. പരിചിതമായ കാര്യങ്ങളെക്കുറിച്ച് വിവരണം തയ്യാറാക്കാൽ

5. വായന പരിപോഷിപ്പിക്കാനുള്ള സാമഗ്രികൾ

6. വായനാ ചർച്ച .

7. ഡയറി എഴുത്ത് ,ലഘു വർണ്ണനകൾ തയ്യാറാക്കൽ.

8. പഴഞ്ചൊല്ലുകൾ ശൈലികൾ കടങ്കഥകൾ എന്നിവ പരിചയപ്പെടുത്തൽ ശേഖരിക്കൽ

9. ക്ലാസ് ലൈബ്രറി ,സ്കൂൾ ലൈബ്രറി എന്നിവയുടെ ഫലപ്രദമായ ഉപയോഗം .

10. "എന്റെ ലൈബ്രറി " എന്ന ആശയം പ്രാവർത്തികമാക്കൽ.

11.വായനാ കുറിപ്പുകൾ , സ്വന്തം രചനകൾ തുടങ്ങിയവ ഉൾപ്പെടുത്തി ഓരോ കുട്ടിയും "എന്റെ മാഗസിൻ" തയ്യാറാക്കുന്നു.

12. ഭിഭിന്ന നിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു .

13.ഭിന്നശേഷിക്കാരെ പ്രത്യേകമായി പരിഗണിച്ച് പാഠ്യലക്ഷ്യങ്ങൾ കൈവരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു .

14. സർഗാത്മക വൈഭവമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും വിദ്യാഭ്യാസ സൈറ്റിലും ബ്ലോഗിലും അവരുടെ രചനകൾ പ്രസിദ്ധീകരിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

15. രചനകൾ ശേഖരിച്ച് പി.ടി.എ യുടെ സഹായത്തോടെ പുസ്തകങ്ങളാക്കി പ്രസിദ്ധീകരിക്കുന്നു.

16. എഴുത്തുകാരുമായി പരിചയപ്പെടാനും സംവദിക്കാനും അവസരം ഒരുക്കുന്നു .

17. രചന , ശില്പശാലകൾ ,കവിയരങ്ങുകൾ ,നാടകക്കളരികൾ, നാടൻകലകൾ, ക്ലാസിക്ക് കലകൾ എന്നിവ പരിപോഷിപ്പിക്കുന്നതിന് പ്രകത്ഭരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു .

18. പ്രസംഗം ,പ്രഭാഷണം എന്നിവയിൽ പ്രാഗത്ഭ്യം നേടാനുള്ള പരിശീലനം നൽകുന്നു.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ വിലയിരുത്തുകൾ ഓരോ ഘട്ടത്തിലും നടത്തുകയും ,തുടർപ്രവർത്തനങ്ങൾ , പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നിവയും ചെയ്യുന്നു .

<u>**മലയാളം**</u>

**ഒരു വർഷത്തേക്കുള്ള പ്ലാൻ :-**

1. ലൈബ്രറിയിലേക്കുള്ള പുസ്തകങ്ങൾ .
2. ഹോം തിയറ്റർ , ലാപ്ടോപ്പ്
3. ക്ലാസ്സിക്ക് സിനിമകളുടെ സി.ഡി കൾ
4. സാംസ്കാരിക നിലയങ്ങളും , പ്രധാനപ്പെട്ട സ്ഥലങ്ങളിലും കാണുവാനുള്ള അവസരം .
5. ക്ലാസ്സിക്ക് കലകൾ പ്രദർശിപ്പിക്കാനുള്ള അവസരം .
6. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ,പത്രം.
7. വായന പരിപോഷിപ്പിക്കുവാൻ വീടുകളിൽ ലൈബ്രറി .
8. എല്ലാ ക്ലാസ്സുകളിലും ചുമർ മാസിക ഒരുക്കാനുള്ള സംവിധാനം.
9. വായനാ ക്ലബ്ബ് രൂപീകരണം കൈയ്യെഴുത്തു മാസിക ചുമർചിത്രം.
10. കഥ,കവിത, ശില്പശാലകൾ ,ദിനാചരണങ്ങൾ ,സെമിനാറുകൾ .
11. ഫിലിം ഫെസ്റ്റിവൽ വിദഗ്ധരുടെ ക്ലാസ്സുകൾ .
12. പഠന സാമഗ്രികൾ .

**5 വർഷത്തേക്കുള്ള പ്ലാൻ:-**

1. വിശാലമായ ലൈബ്രറി, റീഡിങ് റൂം .
2. റഫറൻസ് ബുക്ക് ,നിഘണ്ടു
3. ക്ലാസ്സിക്ക് കലകൾ പ്രദർശിപ്പിക്കാനുള്ള ഹാൾ ,ഇ - ലൈബ്രറി .
4. സാഹിത്യ ശില്പശാല, നാടകം എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ധനശേഖരണം .
5. നാടൻ കലാരൂപങ്ങൾ, പാട്ടുകൾ എന്നിവ പരിശീലിപ്പിക്കുന്നതിനുള്ള കളരി സംഘടിപ്പിക്കുക .
6. തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും മലയാള പാഠ്യപദ്ധതിയും സമന്വയിപ്പിച്ച പ്രവർത്തനങ്ങൾ രൂപീകരിക്കുവാൻ സംവിധാനങ്ങൾ ഒരുക്കുക .
7. റേഡിയോ പ്രഭാഷണങ്ങൾ ,പത്രം ,ടി.വി വാർത്തകൾ ഇവ മാതൃകയാക്കി പ്രവർത്തനങ്ങൾ നടത്താനുള്ള സജ്ജീകരണങ്ങൾ ഒരുക്കുക.

## പ്രോജക്ട്

കുട്ടികളിലൂടെ വീടുകളിൽ മുതിർന്നവർക്ക് വായന താത്പര്യം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ. പ്രശസ്തരായ കവികളുടെ കവിതകൾ കുട്ടികൾ പരിചയപ്പെടുന്നു. ഓരോ മാസവും ഓരോ കവികളുടെ കൃതികൾ 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഓരോ ഡിവിഷനിലും വ്യത്യസ്ത കവിതകൾ നൽകുന്നു .കുട്ടികൾ ചൊല്ലി പഠിക്കുന്നു. നന്നായി ചൊല്ലുന്ന ഒരു കുട്ടിയെ ക്ലാസ്സിൽ നിന്നും തിരഞ്ഞെടുക്കുന്നു .കവികളുടെ ആലാപനം സംഘടിപ്പിക്കുന്നു . സാഹിത്യ ചരിത്രത്തിൽ ഇടം പിടിച്ചിട്ടുള്ള പാലക്കാടിലെ സ്ഥലങ്ങൾ സന്ദർശനം,വിവരശേഖരണം, അനുഭവം പങ്കുവെക്കൽ ,യാത്രാവിവരണം, റിപ്പോർട്ട്.

## അടുത്ത 5 വർഷത്തേക്കുള്ള പ്ലാൻ

1. സാഹിത്യകാരന്മാരുടെ കൃതികൾ ,നാടൻ കലാരൂപങ്ങൾ ,സെമിനാറുകൾ ,സംവാദങ്ങൾ ,നടൻ പാട്ടുകൾ എന്നിവ അടങ്ങിയ സി.ഡി കൾ .

2. പ്രശസ്തമായ സഞ്ചാരസാഹിത്യ കൃതികളുടെ യാത്രാവിവരണ സി.ഡി കൾ .

3. വിപുലമായ ലൈബ്രറി നവീകരണം ,വിവിധ ഭാഗങ്ങളിൽ ഉള്ള പുസ്തകങ്ങൾ കാണത്തക്ക വിധത്തിൽ ക്രമീകരിച്ച സൂക്ഷിക്കുവാനും ആവശ്യമായവ എടുത്തു വായിക്കുവാനും കൂടുതൽ സൗകര്യപ്രദമായ വിധത്തിൽ ലൈബ്രറി ഹാൾ ,ലൈബ്രറേറിയൻ എന്നിവ .

4. ഡിജിറ്റൽ ലൈബ്രറി.

5. സാഹിത്യ രചനാ ശില്പങ്ങളിൽ ,സെമിനാറുകൾ ,അഭിമുഖങ്ങൾ ,വിദഗ്ദരെ ഉപയോഗിച്ചുകൊണ്ട് നടത്താനുള്ള പ്രത്യേക സാമ്പത്തിക സഹായം.

**5 വർഷത്തേക്കുള്ള മാസ്റ്റർ പ്ലാൻ – സംസ്കൃതം**

1. സംസ്കൃത ശില്പശാല ,നാടകം, പാഠകം ,ചമ്പു എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ധനശേഖരണം.

2. സംസ്കൃതത്തിനു പ്രത്യേകമായ ഒരു ക്ലാസ്റൂം സൗകര്യം

3. റഫറൻസ് ബുക്ക്, നിഘണ്ടു

4. കലകൾ നല്ല രീതിയിൽ പ്രദർശിപ്പിക്കാനുള്ള ഹാൾ.

5. കലാരൂപങ്ങൾ പരിശീലിപ്പിക്കാനുള്ള കളരി സംഘടിപ്പിക്കുക .

6. റേഡിയോ പ്രഭാഷണങ്ങൾ ,പത്രം, ടി.വി വാർത്തകൾ ഇവ മാതൃകയാക്കി പ്രവർത്തനങ്ങൾ നടത്താനുള്ള സജ്ജീകരണങ്ങൾ ഒരുക്കുക.

7. സംഭാഷണ ശിബിരങ്ങൾ നടപ്പിലാക്കാനുള്ള സംവിധാനം .

8. സംസ്കൃത പ്രഭാഷണങ്ങൾ ചിട്ടയോടെ പരിശീലിപ്പിക്കാനുള്ള അവസരം ഒരുക്കൽ.

**ഒരു വർഷത്തേക്കുള്ള പ്ലാൻ**

1. കഥ ,കവിത ,ഉപന്യാസം എന്നിവയുടെ ശില്പശാലകൾ.

2. വായന ക്ലബ്ബ് രൂപീകരണം .

3. വായന പരിപോഷിപ്പിക്കാൻ ആവശ്യമായ ലൈബ്രറി പുസ്തകങ്ങൾ .

4. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ,രസന ഭാരത മുദ്ര, ചന്ദാമായ തുടങ്ങിയവ .

6. ക്ലാസ്സിക് കലകൾ പ്രദർശിപ്പിക്കാനുള്ള അവസരം.

7. ക്ലാസ്സിക് സിനിമാ സി.ഡി കളുടെ ശേഖരണം, ലാപ് ടോപ്പ് സംസ്കൃത പാഠസാമഗ്രികൾ.

8. ഫിലിം ഫെസ്റ്റിവലിൽ- വിദഗ്ദരെ ഉപയോഗിച്ചുള്ള ക്ലാസ്സുകൾ.

9. എല്ലാ ക്ലാസ്സുകളിലും ചുമർ മാസിക ഒരുക്കുന്നതിനുള്ള സംവിധാനം .

10. സാംസ്കാരിക നിലയങ്ങളും പ്രധാനപ്പെട്ട സ്ഥലങ്ങളും കാണാനുള്ള അവസരം.

11. പാഠകം പരിശീലിപ്പിക്കൽ, അക്ഷരശ്ലോക സദസ്സ് എന്നിവയ്ക്കുള്ള അവസരം ഒരുക്കൽ .

**<u>പ്രൊജക്റ്റ്</u>**

കുട്ടികളുടെ വീടുകളിലെ മുതിർന്നവർക്കും സംസ്കൃതം പഠിക്കാനുള്ള താല്പര്യം ഉളവാക്കുക.

## MASTER PLAN  Tamil (High School)

### One Year plan

1. Library Books.
2. Classical Cinema CDs.
3. Folk music CDs.
4. News paper in Tamil.
5. Visiting of Historical places.
6. Folk dance performers programme.
7. Laptop Pen drive.
8. House Library for students.
9. Wall magazine in Class room.
10. Expert classes , Motivation Classes.
11. Seminar Filim festival.
12. Study materials.

### FIVE YEAR PLAN

1. Library and reading room Facilities.
2. Reference books, Dictionaries for reference.
3. Hall facilities for contacting programmes.
4. E-Library , Technical studies.
5. Radio programs, TV News ,nNewspaper to be watched by the students.

### LONG TERM VISION

Needs language lab in each schools with online supports sufficient books must be there in the library and should make use of it by the students.

## ACADEMIC PLAN ENGLISH

## Learning outcomes

## Short-term objectives

1. Listen to a talk or lecture .
2. Answer in English during classroom interaction.
3. Write dialogues according to the given situations.
4. Read and enjoy simple stories and understand the essential elements of a short story.
5. Read enjoy and appreciate poems.
6. Read a passage and do the activities related to it.
7. Interact in English in various situations..
8. Undertake simple project works.
9. Use English at any situation.
10. Select and extract from a text information for a specific purpose.
11. Make them active participants in the literary clubs.
12. Enable the learners to use ICT facilities as a learning
 aid in English.
13. Provide activities to different levels of learners.

## Activities Suggested for Listening.

1. Introducing language game according to the level of students.
2. Listening to a Telephonic call and writing the message.
3. Listening and following a Route.

4.  Listening to the classes and interacts.

5. Listening to a sports commentary and complete a chart.

6. Listen to the instruction and act accordingly.

7. Information transfer exercise.

8. Information gap exercise.

## **Activities suggested for speaking.**

1. The conversational classes.

2. Topic based discussion classes.

3. Task Centred fluency practice.

4. Make engage in group work in developing oral skills.

5. Common stories, Theme pictures, skeleton stories, pictures ,composition, concept mapping, class debate, radio show.

6. Keep a resource file, consisting of newspaper cuttings, cartoons etc.

## **Materials**

1. Text book content should provide example chances for oral skill.

2. Slots for different speaking activities must be there at the end of each lesson.

3. Children's news magazine ,Young world.

4. Visual materials

## **Activities suggested for reading.**

1. Arrange the different events in the story in order
2. Read Newspapers and reports.
3. Participates in various co-curricular activities.

## **Activities suggested for writing.**

1. Making mind map and write about the events.
2. Present ideas in a specific subject, construct sentence, Owing an emotional touch.
3. Filling in forms, Bio-data ,profile ,letters thoughts, script, poem, descriptions ,diaries, speech, newspaper reports, notices, posters etc.
4. Prepare a magazine for each standard.
5. Activities involving for assessment.

## **An innovative project in English for one year.**

Name “ Snig and Hear ”

### **Activity**

1. Introducing simple Rhymes.
2. Developing rhymes ,adding more lines.
3. Simple poems according to different classes.
4. Comprehending poems, rhyming words, choreographing etc.
5. Song introducing language elements and get familiarized with the grammar.
6. Collection of poems.

7. Student write their own poems and publishes their own books.

**Project for one year**

1. English library and reading room.
2. Magazines and periodicals.
3. English fest and the day celebrations.
4. English notice board and smart board in each classroom.

**Five Year Plan**

1. English language lab.
2. FM radio facilities.
3. Classes through video conferencing.
4. Documentary.
5. Blog.

**ഒരു വർഷത്തേക്കുള്ള പ്ലാൻ യു.പി – ഹിന്ദി**

അധ്യയന വർഷം പൂർത്തിയാവുന്നതോടെ അഞ്ചാം ക്ലാസിൽ പ്രവേശനം നേടിയ എല്ലാ കുട്ടികൾക്കും ഹിന്ദി തടസ്സം കൂടാതെ വായിക്കാനും എഴുതാനുമുള്ള കഴിവ് നേടിക്കൊടുക്കുക.

1. ദിനാചരണങ്ങളുടെ ആസൂത്രണം .പ്രവർത്തനങ്ങളുടെ രൂപീകരണം.

2. പരിചിതമായ കാര്യങ്ങളെക്കുറിച്ച് വിവരണം തയ്യാറാക്കൽ.

3. വായന പരിപോഷിപ്പിക്കാനുള്ള സാമഗ്രികൾ.

4. അക്ഷരക്കാർഡുകൾ ,ചിഹ്നക്കാർഡുകൾ എന്നിവ ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും രൂപീകരിക്കുന്നു, എഴുതുന്നു.

**5 വർഷത്തേക്കുള്ള മാസ്റ്റർ പ്ലാൻ.**

1. റഫറൻസ് ബുക്ക് ,നിഘണ്ടു.

2. കലകൾ നല്ല രീതിയിൽ പ്രദർശിപ്പിക്കാനുള്ള ഹാൾ.

3. വിശാലമായ ലൈബ്രറി ,റീഡിങ് റൂം.

**ലക്ഷ്യങ്ങൾ.**

1. ദൈനംദിന ജീവിതത്തിൽ ഹിന്ദി കേട്ട് മനസ്സിലാക്കി ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കൽ.

2. ഹിന്ദി ഭാഷയിൽ എഴുതി ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കാൻ.

3. ബാലസഹിത്യങ്ങൾ വായിച്ച് ആസ്വദിക്കാനുള്ള കഴിവ് വികസിപ്പിക്കൽ.

4. ഹിന്ദി ഭാഷയിൽ ഡയറി ,കത്ത്,ലേഖനങ്ങൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കാനുള്ള കഴിവ്.

5. ഹിന്ദി സാഹിത്യ രചന ഉണ്ടാക്കുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ.

6. സെമിനാറുകൾ ,സംവാദങ്ങൾ എന്നിവ ഹിന്ദിയിൽ ചെയ്യുവാൻ പ്രാപ്തരാക്കുക.

7. പൗരബോധം ,ധാർമിക മൂല്യങ്ങൾ , ദേശീയസ്നേഹം എന്നിവയുള്ള ഉത്തമ പൗരന്മാരെ വാർത്തെടുക്കുക.

## Master plan

1. Hindi library and reading room.
2. Magazines.
3. Day celebrations.
4. Hindi festival.
5. Hindi language lab.
6. Hindi notice board and smart boards in each classroom.
7. Hindi sahitya Sabha.
8. Studied tour in Hindi talking places.
9. Hindi assembly.
10. Smart room.
11. One-word one-day (new) in Hindi.

**അടിസ്ഥാന ശാസ്ത്ര പഠന നേട്ടങ്ങൾ**

1. പ്രകൃതിയെയും പ്രകൃതി വിഭവ സംരക്ഷണത്തെയും സംബന്ധിക്കുന്ന അടിസ്ഥാന കാഴ്ചപ്പാടുകൾ രൂപപ്പെടുന്നു.

2. പഠിതാവിൽ ശാസ്ത്രീയ അഭിരുചി ഉണ്ടാവുന്നു.

3. പഠിതാവിൽ ശാസ്ത്രീയ മനോഭാവം രൂപപ്പെടുന്നു.

4. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

5. പ്രകൃതിയെയും പ്രകൃതിവിഭവങ്ങളും മനുഷ്യന്റെ ആവശ്യങ്ങൾക്കു മാത്രം ഉള്ളതല്ലെന്നും പ്രകൃതിയുടെ സന്തുലനാവസ്ഥയിലുള്ള മാറ്റം പ്രത്യാഘാതങ്ങൾക്ക് കാരണമാവുമെന്ന് തിരിച്ചറിയുന്നു.

6. പരിസര ശുചിത്വം പാലിക്കണമെന്ന മനോഭാവം രൂപപ്പെടുന്നു.

7. പരീക്ഷണ നിരീക്ഷണങ്ങൾ ഏർപ്പെടാനുള്ള ശേഷി ആർജ്ജിക്കുന്നു.

8. നേതൃത്വ പാടവം ആർജിക്കുന്നു.

9. സഹകരണ മനോഭാവം രൂപപ്പെടുന്നു.

10. വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗത്തെ സംബന്ധിക്കുന്ന വ്യക്തവും കൃത്യവുമായ ധാരണ രൂപപ്പെടുന്നു.

11. പ്രകൃതി സൗഹാർദ്ദ മനോഭാവം രൂപപ്പെടുന്നു.

12. ഫീൽഡ് ട്രിപ്പ്, പ്രോജക്ട് ,സെമിനാർ, സംവാദം, അഭിമുഖം എന്നിവ തുടർപ്രവർത്തനമായി നടത്താനുള്ള ശേഷി ആർജ്ജിക്കുന്നു.

13. കുട്ടികളിൽ ലഹരി വിരുദ്ധ മനോഭാവം സൃഷ്ടിക്കുന്നതിന് പര്യാപ്തമാണ്.

14. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നു.

15. നാം ഉപയോഗിക്കുന്ന പച്ചക്കറികളിൽ ചിലതെങ്കിലും സ്വന്തമായി ഉത്പാദിപ്പിക്കേണ്ടതാണെന്ന് തിരിച്ചറിയുന്നതിനും പച്ചക്കറി തോട്ടം നിർമ്മിക്കുന്നതിനും കഴിയുന്നു.

16. പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടതാണെന്ന് തിരിച്ചറിയുന്നു.

17. രോഗങ്ങളെ പ്രതിരോധിക്കാനും ചെറുക്കാനുമുള്ള മാർഗങ്ങളെക്കുറിച്ച് വിശദീകരിക്കാൻ കഴിയുന്നു.

18. രോഗപ്രതിരോധത്തിന് ആരോഗ്യ വകുപ്പ് നൽകുന്ന സേവനങ്ങൾ പ്രയോജനപ്പെടുത്താൻ കഴിയുന്നു.

19. ബഹിരാകാശ പര്യവേഷണ ചരിത്രത്തിന്റെ നാഴിക കല്ലുകളായ സംഭവങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.

20. മഴക്കാല ദുരന്തങ്ങൾ ഒഴിവാക്കാനുള്ള മുൻകരുതലുകൾ നിർദ്ദേശിക്കാൻ കഴിയുന്നു.

## മാസ്റ്റർ പ്ലാൻ അടിസ്ഥാന ശാസ്ത്രം

1. പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ പ്രവർത്തനങ്ങൾ കണ്ടെത്തുകയും അതിനോട് അനുബന്ധിച്ചുള്ള ശാസ്ത്ര ലാബുകളുടെ ശാക്തീകരണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ.

2. യു.പി ഹൈസ്കൂൾ വിഭാഗങ്ങളിലെ പാഠഭാഗങ്ങൾക്ക് ആവശ്യമായ വീഡിയോകൾ ,പവർ പോയിന്റ് എന്നിവ തയ്യാറാക്കൽ.

3. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് ബുള്ളറ്റിൻ ബോർഡുകളും പതിപ്പുകളും തയ്യാറാക്കൽ.

4. വിദഗ്ധരുടെ സഹായത്തോടെയുള്ള ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കൽ.

5. ക്ലാസ് തല പരീക്ഷണങ്ങളിലും ,വിലയിരുത്തലും തുടർപ്രവർത്തനവും.

6. ചുറ്റുപാടുമായി ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിച്ചുള്ള പരീക്ഷണ കിറ്റുകൾ വ്യക്തിഗതമായി സജ്ജീകരിക്കൽ ,പഠനയാത്രകൾ സംഘടിപ്പിക്കലും ,റിപ്പോർട്ട് തയ്യാറാക്കലും, മികച്ചത് കണ്ടെത്തി പ്രോത്സാഹന സമ്മാനങ്ങൾ നൽകൽ.

7. ശാസ്ത്ര ക്വിസ്സുകൾ ക്ലാസ് തലവും അതിൽ നിന്നും സ്കൂൾതലവും സംഘടിപ്പിക്കൽ.

8. ക്ലാസ് തല ശാസ്ത്ര മാസികകൾ തയ്യാറാക്കലും മികച്ചത് കണ്ടെത്തി പ്രോത്സാഹന സമ്മാനങ്ങൾ നൽകൽ.

9. ജൈവ വൈവിധ്യ ഉദ്യാന രൂപീകരണം.

## **5 വർഷത്തെ പ്ലാൻ**

1. ഡിജിറ്റൽ ക്ലാസ് മുറികൾ.

2.ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ ശാസ്ത്ര ലേലാബുകളുടെ ശാക്തീകരണം .

3. ശാസ്ത്ര ലൈബ്രറി രൂപീകരണം.

4. മാലിന്യ സംസ്കരണ പ്ലാന്റ്.

5. നക്ഷത്ര നിരീക്ഷണ -ഒബ്സർവേറ്ററി സ്ഥാപിക്കൽ.

6. സോളാർ പാനൽ, സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കൽ.

7. ചുമർ ചിത്രങ്ങൾ

**അടിസ്ഥാന ശാസ്ത്രം യു.പി വിഭാഗം**

1. പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ പ്രവർത്തനങ്ങൾ കണ്ടെത്തുകയും അതിനോട് അനുബന്ധിച്ചുള്ള ശാസ്ത്ര ലാബുകളുടെ ശാക്തീകരണത്തിന്റെ പ്രാരംഭ പ്രവർത്തനം.

2. 5 ,6, 7 എന്നീ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് ആവശ്യമായ വീഡിയോകൾ ,പവർ പോയിന്റ് എന്നിവ തയ്യാറാക്കൽ.

3. ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട ക്ലാസ് തല ബുള്ളറ്റിൽ ബോർഡുകളും പതിപ്പുകളും തയ്യാറാക്കൽ.

4.വിദഗ്ദരുടെ സഹായത്തോടെ ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കൽ.

5. ക്ലാസ് തലത്തിൽ  പരീക്ഷണങ്ങളിലും വിലയിരുത്തലും തുടർ പ്രവർത്തനവും.

6. ചുറ്റുപാടുവുമായി ബന്ധപ്പെട്ട വസ്തുക്കൾ ശേഖരിച്ചുള്ള പരീക്ഷണ കിറ്റുകൾ വ്യക്തിഗതമായി സജ്ജീകരിക്കൽ.

7. പഠനയാത്രകൾ സംഘടിപ്പിക്കലും റിപ്പോർട്ട് തയ്യാറാക്കലും മികച്ചത് കണ്ടെത്തി പ്രോത്സാഹന സമ്മാനങ്ങൾ നൽകൽ.

8. ക്ലാസ് തല ശാസ്ത്ര മാസികകൾ തയ്യാറാക്കൽ മികച്ചത് കണ്ടെത്തി പ്രോത്സാഹന സമ്മാനം നൽകൽ.

9. ശാസ്ത്ര ക്വിസ്സുക ക്ലാസ് സ്ഥലവും അതിൽ നിന്നും സ്കൂൾതലവും സംഘടിപ്പിക്കൽ.

10. ശാസ്ത്ര സെമിനാറുകൾ സംഘടിപ്പിക്കും റിപ്പോർട്ട് തയ്യാറാക്കലും.

11. ക്ലാസ് തലത്തിൽ  ശാസ്ത്രോത്സവവും സ്കൂൾതല  ശാസ്ത്രോത്സവവും സംഘടിപ്പിക്കൽ.

12. ദിനാചരണങ്ങളുമായി ബന്ധപ്പെട്ടുള്ള ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കലും സ്കൂൾതല ക്രോഡീകരണവും.

13. ജൈവവൈവിധ്യ ഉദ്യാന രൂപീകരണം.

14. ബഹിരാകാശ അഭിരുചി വളർത്താനാകുന്ന ക്ലാസുകൾ സംഘടിപ്പിക്കൽ.

15. ശലഭോദ്യാന രൂപീകരണം.

16. മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ പ്രാവർത്തികമാക്കുക.

5 വർഷത്തെ പ്ലാൻ

1. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശാസ്ത്ര ലാബുകളുടെ ശാക്തീകരണം.

2. ശാസ്ത്ര ലൈബ്രറിയുടെ രൂപീകരണം.

3. ഡിജിറ്റൽ ലൈബ്രറി.

4. നക്ഷത്ര നിരീക്ഷണം - ഒബ്സർവേറ്ററി സ്ഥാപിക്കൽ.

5. എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് ആക്കി സജ്ജീകരിക്കൽ.

**ACADEMIC PLAN SCIENCE**

**For next year:-**

1. Science bulletin board.
2. Science magazine class wise.
3. Field trip.
4. Organising classes / seminars using experts.
5. One day workshop science corner.
6. Science news reading.
7. Science club.
8. Science quiz corner.
9. Energy club.
10. Victors channel connection - cable
11. Science Alum.

**For Next 5 Year Plan**

1. science digital class room.
2. Fully furnished science labs for physics ,chemistry ,biology.
3. CD for all classes for each chapter

## സാമൂഹ്യശാസ്ത്ര പാഠങ്ങൾ

**1.** വീട്, കുടുംബം, വിദ്യാലയം എന്നിവയുമായി ആരോഗ്യകരമായി ബന്ധപ്പെടുന്നതിന് കുട്ടിക്ക് കഴിയുന്നു.

2. പഠിതാവിൽ മാനവിക മൂല്യങ്ങൾ വളർത്തുക.

3. ഭരണഘടനാ മൂല്യങ്ങളെ കുറിച്ചും സാമൂഹിക ജീവിതം ശക്തിപ്പെടുത്തുന്ന മനോഭാവം സൃഷ്ടിക്കുക.

4. മുൻ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി അറിവ് നിർമ്മാണം നടത്തുന്നതിന്.

5. സഹകരണാത്മകവും സംവാദാത്മകവുമായ അന്തരീക്ഷത്തിൽ പഠനം കൂടുതൽ ഫലപ്രദമാക്കുന്നതിന്.

6. പാഠ്യവസ്തുത താത്പര്യജനകവും അർത്ഥപൂർണ്ണവും ആക്കുന്നതു വഴി പഠനം കൂടുതൽ ഫലപ്രദമാകുന്നതിന്.

7. പഠനാനുഭവങ്ങൾ ചാക്രിക വസ്തുതകളുമായി ബന്ധപ്പെടുത്തി പഠനം അർത്ഥപൂർണ്ണം ആക്കുന്നു.

8. പഠിതാവിന്റെ പഠനാവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് അനുയോജ്യമായ പഠനബോധന രീതികളും തന്ത്രങ്ങളും പ്രയോജനപ്പെടുത്തി എല്ലാ നിലവാരത്തിലുള്ള കുട്ടികളിലും പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുന്നു.

9. പ്രാദേശിക ചരിത്ര വസ്തുതകളുമായി ബന്ധപ്പെടുത്തി പഠനം അർത്ഥവത്താക്കുന്നു.

10. പഠനവും വിലയിരുത്തലും ഉത്ഗതിതമായി നടത്തുന്നു.

11. നഷ്ടപ്പെട്ട കാർഷിക സാംസ്കാരിക തനിമയും ,പ്രകൃതി സംരക്ഷണവും തിരിച്ചുകൊണ്ടു വരുന്നതിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്.

12. ഉപഭോഗ സംസ്കാരത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിക്കുന്ന വസ്തുതകൾ തിരിച്ചറിയുന്നതിന്.

13. പഠനം പാഠപുസ്തകത്തിനപ്പുറം എന്നത് പ്രാവർത്തികമാക്കുന്നതിന്.

14. ക്ലാസ് റൂം ടാലന്റ് ലാബ് എന്നി ആശയം നടപ്പിലാക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ.

15. വിവരവിനിമയ സാങ്കേതികവിദ്യയുടെ നേട്ടങ്ങളും, കോട്ടങ്ങളും സൈബർ കുറ്റകൃത്യങ്ങളുടെ ദോഷങ്ങളെ കുറിച്ച് ബോധവാന്മാരാക്കുന്ന വിവിധ പ്രവർത്തനങ്ങൾ.

16. കുട്ടികളിൽ ലഹരി വിരുദ്ധ മനോഭാവം സൃഷ്ടിക്കുന്നതിന് .

17. നിയമ സാക്ഷരതയെ കുറിച്ച് ബോധവാന്മാരാക്കുന്നതിന്.

18. പ്രകൃതി വിഭവ സംരക്ഷണം ,പരിസര ശുചിത്വം എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന്.

19. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഓരോ പഠിതാവിനെയും പ്രാപ്തനാക്കുന്ന .

20. ജാതി ,മത ,വർണ്ണ വർഗ്ഗ, പ്രാദേശിക, ലിംഗ ,പക്ഷപാതരഹിത മനോഭാവം കുട്ടികളിൽ വളർത്തുന്നു.

**<u>സാമൂഹ്യശാസ്ത്രം യു.പി വിഭാഗം</u>**

കുട്ടികളിൽ പ്രാദേശിക ചരിത്രബോധം സൃഷ്ടിക്കുന്നതിന് സ്വന്തം ജില്ലയെ കുറിച്ചും, ചരിത്ര സ്മാരകങ്ങളെ സംരക്ഷിക്കേണ്ടതിന്റെയും പ്രാധാന്യം തിരിച്ചറിയുന്നതിന്.

**<u>ഒരു വർഷത്തെ പ്ലാൻ</u>**

1. 5,6,7 എന്നീ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് ആവശ്യമായ വീഡിയോകൾ, പവർ പോയിന്റ് എന്നിവ തയ്യാറാക്കൽ.

2. ഓരോ ക്ലാസിലും പ്രത്യേകമായി ആൽബം.

3. പാലക്കാട് ജില്ലയിലെ ഡാമുകളെ കുറിച്ചുള്ള ഡാറ്റാ ബുക്ക് തയ്യാറാക്കൽ.

4. പാലക്കാട് ജില്ലയിലെ ചരിത്ര സ്മാരകങ്ങൾ, സംഭവങ്ങൾ, വ്യക്തികൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി 'ബിഗ് ബുക്ക്'' തയ്യാറാക്കൽ.

5. സാമൂഹ്യശാസ്ത്ര ലാബ് - പ്രാരംഭ പ്രവർത്തനം

6. സാമൂഹ്യശാസ്ത്ര മ്യൂസിയം - പ്രാരംഭ പ്രവർത്തനം

7. ചിറ്റൂർ താലൂക്കിലെ കാർഷിക മേഖലയെ കുറിച്ചുള്ള പഠനം. ജലസേചന സൗകര്യം ,കാർഷിക വിളകൾ , മണ്ണ് തുടങ്ങിയവ

**<u>5 വർഷത്തെ പ്ലാൻ</u>**

1. സാമൂഹ്യശാസ്ത്ര ലാബ് തയ്യാറാക്കൽ.

2. വാർത്തകൾ ഫോട്ടോകൾ ചരിത്ര സംഭവങ്ങൾ ഉത്സവങ്ങൾ തുടങ്ങിയവ.

3. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട റഫറൻസ് ലൈബ്രറി.

4. ഡിജിറ്റൽ ലൈബ്രറി.

5. നക്ഷത്ര നിരീക്ഷണം ഒബ്സർവേറ്ററി സ്ഥാപിക്കൽ.

## സാമൂഹ്യശാസ്ത്ര പ്രൊജക്റ്റ്

**മഴവെള്ള സംവരണം / റീചാർജിങ്**

ചിറ്റൂർ മേഖലാ കടുത്ത വരൾച്ച നേരിടുന്ന പ്രദേശമാണ് .മഴയുടെ ലഭ്യത പലയിടങ്ങളിലും തീരെ കുറവാണ് .ലഭിക്കുന്ന മഴവെള്ളം പാഴാക്കാതെ സംരക്ഷിക്കുന്ന കാര്യത്തിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുണ്ട്. ചിറ്റൂർ മേഖല പ്രധാനമായും കാർഷിക മേഖലയായതുകൊണ്ട് കൃഷിക്ക് അത്യാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട് .മഴവെള്ള സംഭരണത്തിനും ,റീചാർജിങ്ങിനുമായി മാർഗ്ഗങ്ങൾ ആലോചിക്കുമ്പോൾ ഓരോ പ്രദേശത്തെയും മണ്ണിന്റെ സ്വഭാവം പഠന വിഷയമായിരിക്കണം .

ഇതിനായി സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചിറ്റൂർ തത്തമംഗലം നഗരസഭയുടെ പരിധിയിലുള്ള ഒരു വാർഡ് തിരഞ്ഞെടുക്കുന്നു .അനുയോജ്യമായ മഴവെള്ള സംഭരണ മാർഗങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ജനപ്രതിനിധികൾ ,ചിറ്റൂർത്തമംഗലം നഗരസഭ, പി.ടി.എ ,കൃഷിവകുപ്പ് എന്നിവരുടെ സഹകരണത്തോടെ സമയബന്ധിതമായി ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആസൂത്രണം നടത്തുന്നു.

**സാമൂഹ്യശാസ്ത്രം**

ലക്ഷ്യങ്ങൾ:-

സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ ആർജിക്കേണ്ട ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുന്നു.

**ശേഷികൾ:-**

1. പാരിസ്ഥിതിക അവബോധം വളർത്തിയെടുക്കുന്നു.

2. സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനുള്ള കഴിവ് നേടുന്നു.

3. ദേശീയ ബോധവും പൗരബോധവും വളർത്തിയെടുക്കാൻ സഹായിക്കുന്നു.

4. രാഷ്ട്രപുരോഗതിയിൽ പങ്കാളികളാകുന്നു.

**പ്രവർത്തനങ്ങൾ :-**

1. സബ്ജക്റ്റ് ക്ലിനിക്.

2. വിദഗ്ദരുടെ ക്ലാസുകൾ.

3. ഫീൽഡ് ട്രിപ്പ്.

4. ദിനാചരണം.

5. വൃദ്ധസദനം സന്ദർശിക്കൽ.

6. മോക് പാർലമെന്റ്.

7. വാർത്ത വായന.

8. സെമിനാറുകൾ, അസൈൻമെന്റ് , ക്വിസ്.

9. പുരാവസ്തു ശേഖരിക്കൽ.

10. കുടുംബ ബഡ്ജറ്റ് അവതരിപ്പിച്ചു , സംസ്ഥാന -കേന്ദ്ര ബജറ്റുകളെ കുറിച്ച് മനസ്സിലാക്കുന്നു.

11. പ്രാദേശിക ചരിത്രരചന.

12. ഋതുക്കളുമായി ബന്ധപ്പെട്ട കലണ്ടർ തയ്യാറാക്കൽ.

13. വീഡിയോ ക്ലിപ്പ്

**Requirements:-**

1. Social science lab with LCD projector.
2. Social science library cum reading room.
3. Bulletin board for each classes.
4. Hanging with outline maps.

**<u>ഗണിതശാസ്ത്രം -ഹൈസ്കൂൾ</u>**

**ഒരു വർഷത്തെ പ്ലാൻ :-**

1 . അക്കാദമിക നിലവാരം ഉയർത്തൽ

. മുന്നറിവ് നേടുന്നതിനായി പരിശീലന ക്ലബ്ബുകൾ.

. ക്ലാസ് തല എസ്.എ.ജി ,സി.ആർ.ജി ഗ്രൂപ്പുകളുടെ സഹായത്തോടെ നിലവാരം മെച്ചപ്പെടുത്തൽ.

. ടാഗ് കുട്ടികൾ,എ+ കുട്ടികൾ എന്നിവർക്കായുള്ള പ്രത്യേക മോഡ്യൂളുകൾ.

. ഗണിത ക്ലിനിക്ക്.

**2 . ഗണിത ശേഷി വികസനം**

. ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത താൽപര്യം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.

. ഗണിത കോർണറുകൾ.

. ഗണിത ക്വിസ് മത്സരങ്ങൾ ,ഗണിത മാഗസിൻ.

. ഗണിത ലൈബ്രറി ഗണിത വർക്ക് ഷോപ്പുകൾ.

. വിദഗ്ദരുടെ ക്ലാസുകൾ ഗണിത പഠനയാത്ര.

. ഗണിത ദിനാചരണം.

. വേദ ഗണിത ക്ലാസുകൾ.

. ഗണിത സംബന്ധമായ തൊഴിലുകൾ-സെമിനാർ.

. കുടുംബ ബഡ്ജറ്റും സമ്പാദ്യ ശീലവും -സെമിനാർ.

**<u>5 വർഷത്തെ പ്ലാൻ</u>**

1. ക്ലാസ് തല ഗണിത ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം

2. ഓരോ കുട്ടിക്കും chapter based work sheets പ്രാകറ്റിക്കൽ പഠനത്തോടൊപ്പം നൽകാൻ കഴിയുന്ന ഗണിത ക്ലാസുകൾ.

3. മത്സര പരീക്ഷകൾക്ക് കുട്ടികളെ സന്നദ്ധരാക്കൾ.

4. പ്രായോഗിക തലത്തിൽ ഗണിത ആശയങ്ങൾ ഉപയോഗിക്കുന്ന പ്രഗത്ഭരുമായുള്ള ചർച്ചകൾ.

5. ഗണിത ക്രിയാശേഷി വർദ്ധിപ്പിക്കാനുള്ള വേദ ഗണിത ക്ലാസുകൾ.

6. പഠന സാമഗ്രഹികൾ നിർമ്മാണം ,എക്സിബിഷൻ.

7. ഗണിത ദിനാചരണം ,ഗണിത പഠനയാത്രകൾ ക്ലാസ് തല ലൈബ്രറി.

8. ഗണിത ആശയങ്ങൾ ഉപയോഗിച്ച് പാഴ്വസ്തുക്കൾ നിന്നും ഉപയോഗപ്രദമായ വസ്തുക്കളുടെ നിർമ്മാണവും വില്പനയും.

# അക്കാദമിക മാസ്റ്റർ പ്ലാൻ

**സാങ്കേതികം:-**

. പ്രാഥമിക പ്രവർത്തനമായി സ്കൂളിൽ 3 ഫേസ് വയറിംഗ് നടത്തേണ്ടതുണ്ട്.

. ഹൈസ്കൂൾ ,ഹയർസെക്കൻഡറി വിഭാഗങ്ങളിലായി 60 സ്മാർട്ട് ക്ലാസ് റൂമുകൾ ആവശ്യമുണ്ട്.

. എല്ലാ ക്ലാസ്സുകളെയും സംബന്ധിക്കുന്ന പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം ,സിസ്റ്റം സ്ഥിരമായുള്ള ഒരു ഹാൾ എന്നിവയും ലക്ഷ്യം വയ്ക്കുന്നു.

. ഒരു ബൃഹത്തായ പദ്ധതിയായി ഈ ലൈബ്രറി ഒരുക്കേണ്ടതുണ്ട്.

.ഹൈസ്കൂൾ ,ഹയർ സെക്കൻഡറി വിഭാഗങ്ങളിൽ ഐ.ടി ലാബിലേക്ക് 160 കമ്പ്യൂട്ടറുകൾ ആവശ്യമുണ്ട് (നിലവിൽ 56 കമ്പ്യൂട്ടറാണ് ഉള്ളത് ഹൈസ്കൂൾ 20 ഹയർ സെക്കൻഡറി 36 ) വൈദ്യുതിയുടെ അഭാവത്തിൽ കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിക്കുന്നതിലേക്കായി ഓൺലൈൻ യു.പി.എസ് ആവശ്യമാണ്.

. എല്ലാ അദ്ധ്യാപകർക്കും ലാപ്ടോപ്പുകൾ .

. സ്കൂളിലെ എല്ലാ കമ്പ്യൂട്ടറിലും ഇന്റർനെറ്റ് സൗകര്യം.

. ഫോട്ടോകോപ്പിയർ, പ്രിന്ററുകൾ എന്നിവ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങൾക്കായി പ്രത്യേകം ആവശ്യമുണ്ട്.

. നൂതന സാങ്കേതിക വിദ്യകൾ അദ്ധ്യാപകർ സ്വായത്തമാക്കുന്നതിന് വേണ്ടിയുള്ള പരിശീലന പരിപാടികൾ സ്കൂളിൽ തന്നെ സംഘടിപ്പിക്കുന്നതിന് സൗകര്യമൊരുക്കണം.

. ലിനക്സ് അധിഷ്ഠിതമായ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിലൂടെ സ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാനും സാധിക്കും.

. മുൻസിപ്പാലിറ്റിയുടെ സഹായത്തോടെ ഈ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതും അത്യാവശ്യമാണ്.

**ആവശ്യമായ തുക ലഭ്യമാക്കുന്നത്.**

എം.പി പ്രാദേശിക വികസന ഫണ്ട് .

എം.എൽ.എ പ്രാദേശിക വികസന ഫണ്ട്.

ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി .

പൂർവ്വ വിദ്യാർത്ഥികൾ .

പൂർവ്വ അദ്ധ്യാപകർ.

പൊതുജനങ്ങൾ / സ്ഥാപനങ്ങൾ / സന്നദ്ധ സംഘടനകൾ

# GREEN PROTOCOL

## ഹരിതച്ചട്ടം

**1. പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കൽ.**

1. സെമിനാറുകൾ .
2. ശില്പശാലകൾ .
3. ശുചീകരണ പ്രവർത്തനങ്ങൾ .
4. വ്യക്തി ശുചിത്വം,കുടുംബ ശുചിത്വം ,പരിസര ശുചിത്വം, സാമൂഹ്യ ശുചിത്വം - ബോധം ഉണ്ടാക്കുക.
5. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കാനും പകരം സംവിധാനങ്ങളിലേക്ക് മാറാനും സാഹചര്യം ഒരുക്കുക.
6. ജലസംരക്ഷണം, മണ്ണ് സംരക്ഷണം, ഊർജ്ജ സംരക്ഷണം - പ്രവർത്തനങ്ങൾ.
7. വായന കൂട്ടായ്മ, പരിസ്ഥിതി ലൈബ്രറി ,വായനാമുറി ,വായന -ചർച്ച - കുറിപ്പ് തയ്യാറാക്കൽ .
8. പരിസ്ഥിതി പഠന യാത്രകൾ .
9. വിദഗ്ധരുടെ ക്ലാസുകൾ
10. നാടൻ വിത്തിനങ്ങൾ,നാടൻ പഫലവൃക്ഷങ്ങൾ എന്നിവ സംരക്ഷിക്കാനും പ്രചരിപ്പിക്കാനും ബോധവൽക്കരണം.

**2. ഭൗതിക സംവിധാനങ്ങൾ ഒരുക്കൽ :**

1. ജൈവവൈവിധ്യ ഉദ്യാനം ,ശലഭോദ്യാനം ,ഔഷധസസ്യത്തോട്ടം, പച്ചക്കറിത്തോട്ടം, എന്നിവയ്ക്ക് ആവശ്യത്തിന് സ്ഥലം കണ്ടെത്തുക .ജലസേചന സൗകര്യമൊരുക്കുക ജൈവവേലി നിർമ്മിക്കുക.

2. എക്കോ ക്ലബ്ബ് ,പരിസ്ഥിതി ക്ലബ്ബ് ,ലൈബ്രറി എന്നിവയ്ക്ക് റൂം, ഷെൽഫുകൾ, മേശ ,ബെഞ്ച്, ഡെസ്ക്, സ്മാർട്ട് റൂം ,ആവശ്യത്തിനുള്ള പുസ്തകങ്ങൾ എന്നിവ സമാഹരിക്കുക.

3. മാലിന്യസംസ്കരണം/ നിർമാർജനം / നീക്കം ചെയ്യൽ - ജൈവ-ഖര (പ്ലാസ്റ്റിക് ,ലോഹം) മാലിന്യങ്ങൾ വേർതിരിച്ച ശേഖരിക്കാനും നീക്കം ചെയ്യാനും ഉള്ള സംവിധാനം.

4. സ്കൂൾ കോമ്പൗണ്ടിൽ മുറ്റം , ഗ്രൗണ്ട് എന്നിവിടങ്ങളിൽ മണ്ണ് നിലനിർത്തി കൊണ്ടുള്ള വികസനം മാത്രമേ പാടുള്ളൂ .മഴവെള്ളം മണ്ണിൽ ഇറങ്ങാൻ അനുവദിക്കണം. ടൈൽസ് ഇന്റർലോക്ക് എന്നിവ പതിക്കരുത്. മണ്ണിൽ ഇറങ്ങി നടക്കാനും കളിക്കാനും മരത്തണലിൽ വിശ്രമിക്കാനും കുട്ടികൾക്ക് അവസരം ഒരുക്കണം.

5.ടെറസിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സൗരോർജ പാനലുകൾ സ്ഥാപിക്കുക . സ്കൂളിന് ആവശ്യമായ വൈദ്യുതി സ്കൂളിൽ സാധ്യമാക്കി സ്വയം പര്യാപ്തമാവുക.

6. മഴവെള്ള സംഭരണി- സ്കൂളിൽ പെയ്യുന്ന മഴ മുഴുവനായും ഉപയോഗപ്രദമാകും വിധം മഴവെള്ള സംഭരണി സ്ഥാപിക്കുക .കുറേ വെള്ളം മണ്ണിലേക്ക് ഇറങ്ങാൻ അനുവദിക്കുക. ഇത് കുട്ടി വീട്ടിലും പിന്നീട് സമൂഹത്തിലും പ്രാവർത്തികമാക്കാൻ ശ്രമിക്കട്ടെ.

7. സ്കൂളിൽ നടക്കുന്ന വിവിധ പരിപാടികളിൽ പ്ലാസ്റ്റിക് പരമാവധി ഒഴിവാക്കി പകരം ലോഹപാത്രങ്ങളിലോ, ഇലയോ, പേപ്പറോ ഉപയോഗിക്കുക. ഉപയോഗശൂന്യമായ പേന ,കവറുകൾ ,ബോട്ടിൽ തുടങ്ങിയവ ശേഖരിക്കാൻ സംവിധാനമൊരുക്കുക.

8. ഭക്ഷ്യസ്വയം പ്രാപ്തത ,പരിസ്ഥിതി ,ജൈവ സംരക്ഷണർത്ഥം തനത് സസ്യഇനങ്ങൾ വെച്ചുപിടിപ്പിച്ച് നാടൻ പച്ചക്കറികളും നാടൻ ഫലവൃക്ഷങ്ങളും വീട്ടിലും സമൂഹത്തിലും സ്കൂളിലും പൊതുസ്ഥലങ്ങളിലും വെച്ചുപിടിപ്പിക്കുവാനും വളർത്തി വലുതാക്കുവാനും പ്രേരിപ്പിക്കുക.

**ആവശ്യമായ തുക ലഭിക്കുന്നത് :**

ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റി

എം.പി ഫണ്ട് ,എം.എൽ.എ ഫണ്ട്

അഭ്യുദയകാംക്ഷികൾ ,പി.ടി.എ

## ഗവൺമെന്റ് വിക്ടോറിയ ഗേൾസ് സെക്കൻഡറി സ്കൂൾ

**അടിസ്ഥാനസൗകര്യങ്ങളും അടിസ്ഥാന സൗകര്യവികസനവും.**

| നിലവിലെ സ്ഥിതി | HSS | HS/UP | LP |
|---|---|---|---|
| ക്ലാസ് മുറികളുടെ എണ്ണം | 8 | 41 | - |
| ആകെ ഡിവിഷനുകൾ | 8 | 52 | - |
| സയൻസ് ലാബ് | 2 | 2 | - |
| കമ്പ്യൂട്ടർ സയൻസ് ലാബ് | 2 | 2 | - |
| ലൈബ്രറി റൂം. | 0 | 1 | - |

**1. പരിമിതികൾ :**

| SL NO | ROOMS | HSS | HS | UP |
|---|---|---|---|---|
| 1 | പ്രിൻസിപ്പൽ റൂം / ഓഫീസ് | 1 | - | - |
| 2 | ഗണിത ലാബ് | 1 | 1 | 1 |
| 3 | ലാംഗ്വേജ് ലാബ് | 1 | 1 | - |
| 4 | സോഷ്യൽ സയൻസ് ലാബ് / ജോഗ്രഫി ലാബ് | 1 | 1 | - |
| 5 | ഫിസിക്സ് ലാബ് | 1 | - | - |
| 6 | ലൈബ്രറി/ റീഡിങ് റൂം | 1 | - | 1 |
| 7 | കൗൺസിലിംഗ് റൂം | 1 | COMMON | |
| 8 | ഓഡിറ്റോറിയം | 1 | COMMON | |
| 9 | എമർജൻസി എക്സിറ്റ് | 1 | - | - |
| 10 | ബയോളജി ലാബ് | - | 1 | - |
| 11 | കമ്പ്യൂട്ടറിൽ ലാബ് | - | - | 1 |
| 12 | സയൻസ് ലാബ് | - | - | 1 |
| 13 | ക്ലാസ് മുറികൾ | 3 | 9 | 3 |
| 14 | കലാ പ്രവർത്തിപരിചയം | - | 1 | - |
| 15 | ഗൈഡ്സ് റൂം | - | 1 | - |
| 16 | കായിക റൂം | - | 1 | - |
| 17 | എൻ.എസ്.എസ് സ് | 1 | - | - |
| 18 | സ്റ്റാഫ് റൂം | - | 1 | - |
| 19 | സ്റ്റേജ് | COMMON | | |
| TOTAL | | 13 | 17 | 7 |

ആകെ ആവശ്യമുള്ള ക്ലാസ് മുറികൾ : 37

പ്രതീക്ഷിക്കുന്ന ചിലവ് : 6 കോടി രൂപ

**II ആവശ്യമുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ.**

| SL NO | PARTICULARS | പ്രതീക്ഷിക്കുന്ന ചിലവ് |
|---|---|---|
| 1 | പാചകപ്പുര ,ഭക്ഷണപ്പുര | 20 ലക്ഷം |
| 2 | കോൺഫ്രൻസ് ഹാൾ | 20 ലക്ഷം |
| 3 | കുടിവെള്ള സൗകര്യം | 2 ലക്ഷം |
| 4 | പ്രധാന കെട്ടിടം 3 ഫേസ് വയറിംഗ് | 3 ലക്ഷം |
| 5 | സ്റ്റാഫ് റൂം ,ഓഫീസ് നവീകരണം | 10 ലക്ഷം |
| 6 | മൂത്രപ്പുര (30 യൂണിറ്റ് ) | 6 ലക്ഷം |
| 7 | മാലിന്യ സംസ്കരണ പ്ലാന്റ് | 5 ലക്ഷം |
| 8 | മഴവെള്ള സംഭരണം / സംരക്ഷണം. | 5 ലക്ഷം |

പ്രതീക്ഷിക്കുന്ന ആകെ ചെലവ് 71 ലക്ഷം

വിഭാഗം I, II – ആകെ പ്രതീക്ഷിക്കുന്ന ചിലവ് 6 കോടി 71 ലക്ഷം

**ആവശ്യമായ തുക ലഭ്യമാക്കുന്നത് :**

എം.പി പ്രാദേശിക ഫണ്ട്

എം.എൽ.എ പ്രാദേശിക വികസന ഫണ്ട്

മുനിസിപ്പാലിറ്റി

പൂർവ്വ വിദ്യാർത്ഥികൾ

പൂർവ്വ അധ്യാപകർ

പൊതുജനങ്ങൾ/ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ

അധ്യാപകർ